**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2284** **01-09-2022 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ സേവനങ്ങൾ വീട്ടുപടിക്കലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച വാതിൽപ്പടി സേവനം, 2022 ആഗസ്റ്റ് 20 വരെ എത്ര പേർക്ക് എത്തിക്കാൻ കഴിഞ്ഞെന്ന് വ്യക്തമാക്കുമോ; | (എ) | 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ വാതിൽപ്പടി സേവനം പദ്ധതിയിൽ 23046 പേർക്ക് സേവനങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ; | (ബി) | തദ്ദേശസ്ഥാപനങ്ങൾ ഇതിനായി ചുവടെ ചേർത്തിട്ടുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു.<br>1.ഡിവിഷൻ/വാർഡ് തലത്തിൽ കമ്മിറ്റി രൂപീകരിക്കൽ<br>2.തദ്ദേശസ്വയംഭരണ സ്ഥാപനതല ത്തിൽ കമ്മിറ്റി രൂപീകരിക്കൽ<br>3.വാർഷിക പദ്ധതിയിൽ തുക വകയിരുത്തൽ.<br>4.സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കൽ<br>5.ഗുണഭോക്താക്കളെ കണ്ടെത്തി, ലിസ്റ്റ് അന്തിമമാക്കി, ഭരണസമിതി അംഗീകരിച്ച് ഐഡന്റിറ്റി കം മോണിറ്ററിംഗ് കാർഡ്, ലഘുലേഖ എന്നിവ വിതരണം ചെയ്യൽ<br>6.സന്നദ്ധസേനാംഗങ്ങൾ, അനുബന്ധ സേവനദാതാക്കൾ എന്നിവരെ കണ്ടെത്തി സന്നദ്ധസേനാംഗങ്ങൾക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി പരിശീലനം നൽകുക.<br>7. വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ടരേഖകൾ തയ്യാറാക്കുക |
| (സി) | എത്ര സന്നദ്ധപ്രവർത്തകർക്ക് ഇതിനായി പരിശീലനം നൽകിവരുന്നു; വെളിപ്പെടുത്തുമോ; | (സി) | കിലയുടെ സഹായത്തോടെ തദ്ദേശസ്ഥാപന തലത്തിൽ നാളിതുവരെ 24751 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം മേഖലകളിലാണ് ഇപ്പോൾ വാതിൽപ്പടി സേവനം നൽകുവാൻ ആലോചിക്കുന്നത്; വ്യക്തമാക്കുമോ; | (ഡി) | ആദ്യ ഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകൾ എത്തിച്ചു നൽകൽ എന്നീ സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഇ) | രണ്ടാംഘട്ടം എന്ന നിലയിൽ ഏതൊക്കെ സേവനം ഇതിന്റെ പരിഗണനയിൽ കൊണ്ടുവരുവാൻ കഴിയും; വിശദമാക്കാമോ? | (ഇ) | പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയപ്പോൾ പല തദ്ദേശ സ്ഥാപനങ്ങളിലും സർക്കാർ നിർദ്ദേശിച്ചിരുന്ന 5സേവനങ്ങൾ കൂടാതെ ഗുണഭോക്താക്കൾക്ക് പ്രയോജനകരമായി കണ്ട മറ്റ് നിരവധി സേവനങ്ങൾ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതും ബില്ലുകൾ, കരം മുതലായവ അടയ്ക്കുന്നതും, ആശുപത്രി സഹായങ്ങളും ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ കൂടി നൽകുന്നത് പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ